**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3335** **01-03-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി നിയോജകമണ്ഡലത്തിലെ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി നിയോജകമണ്ഡലത്തിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലുള്ള പട്ടയ പ്രശ്നം പരിഹരിക്കാൻ കഴിയാതെ നീണ്ടു പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് അടിയന്തരമായി പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | വയനാട് ജില്ലയിൽ 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ച് വന്നിരുന്നവർക്ക് ആയത് പതിച്ചു കൊടുക്കുന്നതിനു വേണ്ടി 1993-ലെ പതിവ് ചട്ട പ്രകാരം വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ തയ്യാറാക്കിയിട്ടുള്ള സ്കെച്ചിൽ ചില ന്യൂനതകൾ വനം വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സർവ്വേ ടീമിനെ വെച്ച് ഇതു പരിഹരിച്ചിട്ടുള്ളതാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിൽ സംയുക്ത പരിശോധന പൂർത്തിയാക്കിയതും, അർഹരായ അപേക്ഷകരുടെ ഭൂമിയുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്. മേൽ ആവശ്യത്തിലേക്കായി 23.02.2022 തീയതിയിലെ ജില്ലാ കളക്ടറുടെ DCWYD/555/2017-L3 ഉത്തരവ് പ്രകാരം രണ്ട് പേരടങ്ങുന്ന ഒരു സർവ്വേ ടീമിനെ നിയോഗിച്ചിട്ടുള്ളതാണ്. നിലവിൽ ഈ ടീം അപാകതകൾ പരിശോധിച്ച് സ്കെച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ആയത് ഉടനെ പൂർത്തിയാക്കി വിവരങ്ങൾ KML ഫോർമാറ്റിൽ തയ്യാറാക്കുകയും, GT sheet തയ്യാറാക്കി പരിവേഷ് പോർട്ടലിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. ടി വിഷയത്തിൽ കേന്ദ്ര പരിസ്ഥതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സംയുക്ത പരിശോധനയിൽ |

| | | | |
|---|---|---|---|
| | | | അർഹതയുണ്ടെന്ന് കണ്ടെത്തിയ കൈവശ ഭൂമിക്ക് പട്ടയം നല്കാൻ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ പട്ടയം നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള അനുമതി ആവശ്യം ഉണ്ടോ; എങ്കിൽ എന്ത് അനുമതി ആണെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. 1993-ലെ കേരള ഭൂമി പതിച്ചു നല്കൽ (01.01.1997 ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ് വനഭൂമിയിലെ കുടിയേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. ഇതിനു 1980 ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചുള്ള അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ